# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *14 28.01.2019-ൽ മറുപടിക്ക്

## മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.ബഷീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൊട്ടിയൂർ പഞ്ചായത്തിലെ അമ്പായത്തോട് ടൗണിൽ പത്തോളം വരുന്ന മാവോയിസ്റ്റ് സംഘം ആയുധങ്ങളുമേന്തി പ്രകടനം നടത്തിയ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവരുടെ സാന്നിധ്യം അറിയിക്കുന്നതിനായി ഏതെല്ലാം സ്ഥലങ്ങളിൽ പോസ്റ്ററുകൾ പതിപ്പിച്ചതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; | (ബി) അമ്പായത്തോട് ടൗണിൽ മൂന്നിടങ്ങളിലായി പോസ്റ്ററുകൾ പതിപ്പിച്ചതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (സി) വനപ്രദേശത്തോടു ചേർന്നു കിടക്കുന്ന വീടുകളിൽ നിന്നും ഇവർ ഭക്ഷ്യ ധാന്യങ്ങൾ ശേഖരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (സി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) ഇവരുടെ സാന്നിധ്യം മനസ്സിലാക്കുന്നതിൽ പോലീസ് ഇന്റലിജൻസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് സ്വീകരിച്ചുവരുന്ന | (ഇ) മാവോയിസ്റ്റുകൾ അടക്കമുള്ള ഇടതുപക്ഷ തീവ്രവാദികളുടെ |

| | |
|---|---|
| നടപടികൾ വിശദീകരിക്കുമോ? | പ്രവർത്തനം നേരിടുന്നതിന് താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനം വിലയിരുത്തുന്നതിനും തുടർ നടപടികൾ കൈക്കൊള്ളുന്നതിനുമായി മുഖ്യമന്ത്രി അധ്യക്ഷനായ ഒരു യൂണിഫൈഡ് കമാൻഡ് രൂപീകരിച്ചിട്ടുണ്ട്.<br><br>2. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നേരിടുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലും വനാതിർത്തിയിലും നിവസിക്കുന്ന ആദിവാസി വിഭാഗങ്ങളിൽ നിന്ന് മാത്രം യുവതീ-യുവാക്കളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കണ്ടെത്തി 75 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. അവരുടെ പരിശീലനം അന്തിമ ഘട്ടത്തിലാണ്.<br><br>3. മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ അതിൽ നിന്നും പിന്തിരിപ്പിച്ച് കീഴടങ്ങുന്നതിലേക്കായി കീഴടങ്ങൽ പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>4. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരും പട്രോളിംങ് നടത്തി വരുന്നു.<br><br>5. മാവോയിസ്റ്റ് തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുകയും അവരുടെ മേൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

6. ആദിവാസി മേഖലകളിൽ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും, വിവിധ വികസന, ആരോഗ്യ സംരക്ഷണ, ഭക്ഷ്യ വിതരണ പദ്ധതികൾ നടപ്പിലാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ